compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 04
Tuesday, 04th August 2026

1201 കർക്കടകം 19
19th Karkadakam 1201

1948 ശ്രാവണം 13
13th Sravana 1948

വാല്യം 15
Vol. XV

നമ്പർ
No. **31**

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (2) ചട്ടം 69 പ്രകാരം]

നമ്പർ SCI,KKD/29/2023. 2026 ജൂൺ 15.

ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തര മേഖല) കോഴിക്കോടിന്റെ 3-6-2025 തീയതിയിലെ JDFKZD/1254/2024-F നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് നോർത്ത് മത്സ്യസംഭരണ വിപണന തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ F (K I) 47-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററായ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, കോഴിക്കോടിനെ നിയമിച്ചിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും കിട്ടുവാനുണ്ടെങ്കിൽ ആയതിന്റെ അവകാശം രേഖാമൂലവും, എന്തെങ്കിലും ഒടുക്കുവാനുണ്ടെങ്കിൽ ആയതും ഈ നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം താഴെ ഒപ്പുവെച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ മുൻപാകെ സമർപ്പിച്ചിരിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇത്തരത്തിൽ എന്തെങ്കിലും അവകാശങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചില്ലായെങ്കിൽ ആർക്കും യാതൊരുവിധ അവകാശങ്ങൾ ഇല്ലായെന്ന നിഗമനത്തിൽ നിയമപ്രകാരമുള്ള മേൽനടപടികൾ തുടരുന്നതാണെന്ന് ഇതിനാൽ സംഘാംഗങ്ങളെയും സംഘവുമായി ബന്ധപ്പെട്ടിട്ടുള്ളവരെയും അറിയിക്കുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ/
ഫിഷറീസ് കോ-ഓപ്പറേറ്റീവ്
ഇൻസ്പെക്ടർ.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കോഴിക്കോട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKZD/821/2024-C2. 2026 ജൂലൈ 21.

കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്ക്, ചേമഞ്ചേരി വില്ലേജ്, കുറുവങ്ങാട് ദേശത്ത് റീ സർവ്വേ നമ്പർ 162/5-ൽ ഉൾപ്പെട്ട പുളിക്കൂൽ കടവിന് തെക്ക് കോരപ്പുഴയിൽ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ നമ്പർ 02/2018 ഊന്നിവല ശ്രീ. സുനിൽകുമാർ, പി., പടിഞ്ഞാറയിൽ, വെങ്ങളം പി. ഒ., കോരപ്പുഴ, കോഴിക്കോട്-ന് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

02/2018 രജിസ്റ്റർ നമ്പരുള്ള ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീ. സുനിൽകുമാർ, പി., പടിഞ്ഞാറയിൽ, വെങ്ങളം പി. ഒ., കോരപ്പുഴ, കോഴിക്കോട് എന്നയാൾ മരണപ്പെട്ടതിനെ തുടർന്ന് ഭാര്യ ശ്രീമതി ജയശ്രീ, പി. കെ., പാഞ്ചജന്യം, കുറുവങ്ങാട് പി. ഒ., കൊയിലാണ്ടി എന്നവർക്ക് കൈമാറ്റം ചെയ്യുന്നതിനായുള്ള നിരാക്ഷേപ പത്രത്തിനായി ഈ ഓഫീസിൽ അപേക്ഷിക്കുകയും ഈ ഓഫീസിലെ 29-8-2025 തീയതിയിൽ പ്രസ്തുത ജമമാറ്റത്തിന് നിരാക്ഷേപ പത്രം ശ്രീമതി ജയശ്രീ, പി. കെ., പാഞ്ചജന്യം, കുറുവങ്ങാട് പി. ഒ., കൊയിലാണ്ടി എന്നവർക്ക് അനുവദിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്ട്രാർ ഓഫീസ് 2026-ലെ ഒന്നാം നമ്പർ പുസ്തകം 967 വാല്യം 157 മുതൽ 164 വരെ വശങ്ങളിൽ 514-ാം നമ്പർ കൂട്ടവകാശം ഒഴിമുറി ആധാരം പ്രകാരം പ്രസ്തുത ഊന്നിവലയുടെ ഉടമസ്ഥാവകാശം ശ്രീമതി ജയശ്രീ, പി. കെ., പാഞ്ചജന്യം, കുറുവങ്ങാട് പി. ഒ., കൊയിലാണ്ടി എന്നവർക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത ഊന്നിവല ശ്രീമതി ജയശ്രീ, പി. കെ., പാഞ്ചജന്യം, കുറുവങ്ങാട് പി. ഒ., കൊയിലാണ്ടി എന്നവരുടെ പേരിലേക്ക് ജമമാറി അനുവദിച്ച് കൊണ്ട് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട്, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ഭേദഗതി ആക്ട്, 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ എന്നിവയ്ക്ക് വിധയമായി ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷന് അപേക്ഷകയായ ശ്രീമതി ജയശ്രീ, പി. കെ., പാഞ്ചജന്യം, കുറുവങ്ങാട് പി ഒ., കൊയിലാണ്ടി എന്നവരുടെ പേരിലേക്ക് ജമമാറി അനുവദിച്ച് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കോഴിക്കോട്.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.04 05:45:55 +05:30